## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **220** | **01/4/2013** -ൽ മറുപടിക്ക്

# പീടിക തൊഴിലാളികൾക്ക് മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ<br>ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽ ഫെയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനം വിലയിരുത്താറുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്. 15/3/2007-ൽ നിലവിൽ വന്ന കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ളതിനാൽ രജിസ്ട്രേഷൻ മുതൽ ആനുകൂല്യവിതരണം വരെ കാലതാമസം കൂടാതെ നടന്നുവരുന്നു. 26/3/2013 വരെ 1,09,485 സ്ഥാപനങ്ങളിൽ നിന്നായി 5,77,933 പേർ ഈ പദ്ധതിയിൽ അംഗങ്ങളായുണ്ട്. നാളിതുവരെ 2041 പേർക്ക് 80,94,634/- രൂപ വിവിധ ആനുകൂല്യങ്ങൾക്കായി വിതരണം ചെയ്തിട്ടുണ്ട്. 26/3/2013 വരെ ബോർഡിന് 43.22 കോടി രൂപ സ്ഥിരനിക്ഷേപമായുണ്ട്. (കൂടാതെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കുന്നതും, ദേവസ്വം ബോർഡുകളുടെ പരിധിയിൽ വരാത്ത ക്ഷേത്രങ്ങളിലെ ജീവനക്കാർക്കായി രൂപീകരിച്ചതുമായ 2011-ലെ കേരള ക്ഷേത്രജീവനക്കാരുടെ ക്ഷേമനിധി പദ്ധതിയിൽ നാളിതുവരെ 1543 |

| | | | |
|---|---|---|---|
| | | | ക്ഷേത്രങ്ങളിൽ നിന്നായി 2140 പേരെ അംഗങ്ങളായി ചേർത്തിട്ടുണ്ട്. ഇപ്രകാരം വളരെ നല്ല രീതിയിലുള്ള പ്രവർത്തനമാണ് ബോർഡ് കാഴ്ചവയ്ക്കുന്നത്.) |
| (ബി) | ഹോട്ടൽ ആന്റ് റസ്റ്റോറന്റ് തൊഴിലാളികൾ ഉൾപ്പെടെയുള്ള പീടികത്തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം അറിയിക്കാമോ; | (ബി) | ഉണ്ട്. |
| (സി) | ഇവർക്ക് നിയമാനുസൃതമായ തൊഴിൽ സാഹചര്യങ്ങളും വേതനവും അവധിയും ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥാപനങ്ങളിൽ പരിശോധന നടത്തുമ്പോൾ ടി വിഭാഗം ജീവനക്കാർക്ക് തൊഴിൽ നിയമങ്ങളനുസരിച്ചുള്ള മിനിമം വേതനം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും നിയമം പാലിക്കാത്ത സ്ഥാപനുടമകൾക്കെതിരെ ക്ലെയിം പെറ്റീഷനും പ്രോസിക്യൂഷനും ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം നടത്തിയ പരിശോധനകളുടെയും എടുത്ത കേസുകളുടെയും വിശദാംശം നല്കാമോ ; | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് പ്രകാരം 98,105 ഇൻസ്പെക്ഷനുകളും 2523 പ്രോസിക്യൂഷൻ കേസുകളും എടുത്തിട്ടുണ്ട്. |
| (ഇ) | സ്ത്രീ തൊഴിലാളികൾക്ക് ശമ്പളത്തോടു കൂടിയ പ്രസവാവധി നൽകാറുണ്ടോയെന്ന് പരിശോധന നടത്തിയിട്ടുണ്ടോ? | (ഇ) | ഉണ്ട്. |

സെക്ഷൻ ഓഫീസർ